പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1074 14/06/2012 ൽ മറുപടിയ്ക്ക്

## ജില്ല, താലൂക്ക്, വില്ലേജ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പ്മന്ത്രി ) |
| (എ) പുതിയ ജില്ല, താലൂക്ക്, വില്ലേജ് എന്നിവ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; അതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (എ) താലൂക്ക്, വില്ലേജ് പുന:സംഘടന സംബന്ധിച്ച് സർക്കാർ റവന്യൂ വകുപ്പും ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി ഒരു പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ വിസ്തീർണ്ണം , ജനസംഖ്യ, ഒരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർസിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്ര സൗകര്യം , ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും താൽപര്യം എന്നീ മാനദണ്ഡങ്ങൾ ആണ് താലൂക്ക് വില്ലേജ് പുന:സംഘടനയ്ക്കായി പൊതുവായി പരിഗണിക്കുന്നവ |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള ജില്ലകളിലെ ജനസംഖ്യ യുടെ തോത് ഈ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നുണ്ടോ? | (ബി) | താലൂക്ക് വില്ലേജ് പുന:സംഘടനയ്ക്ക് ജനസംഖ്യ ഒരു മാനദണ്ഡമാണ്. 2001 ലെ സെൻസസ് സ്ഥിതി വിവരങ്ങൾ അനുസരിച്ചാണ് 2007 ലെ പഠന റിപ്പോർട്ട് തയ്യാറാക്കിയത്. നിലവിലെ ജനസംഖ്യയുടെ തോത് അനുസരിച്ച് പുതിയ റിപ്പോർട്ട് തയ്യാറാക്കണമെങ്കിൽ പുതിയ കമ്മീഷനെ നിയോഗിച്ച് പഠനം നടത്തേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ